To FMIS
18/8/18

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.18.08.2018

## ദുരന്ത നിവാരണപ്രവർത്തനത്തിൽ വനംവകുപ്പ് സജീവം

വെള്ളപ്പൊക്കദുരിതങ്ങൾ അനുഭവിക്കുന്നവർക്ക് ആശ്വാസമെത്തിക്കുന്നതിന് വനം വകുപ്പ് സജീവമായി രംഗത്ത്. ഇതിനായി വനം വകുപ്പ് ആസ്ഥാനത്ത് വ്യാഴാഴ്ച മുതൽ കൺട്രോൾ റൂം പ്രവർത്തിച്ചു വരുന്നു. വനമേഖലകളിൽ ഒറ്റപ്പെട്ടവരെ കണ്ടെത്തി പ്രത്യേക ആശ്വാസ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും അവർക്ക് ആഹാരം, വസ്ത്രം, മരുന്ന് എന്നിവ ഏർപ്പാട് ചെയ്യുന്നതിനും വനം വകുപ്പുദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ നൽകിവരുന്നു. നെല്ലിയാമ്പതിയിലെ ചെറുനെല്ലിയിൽ നിന്നുള്ള ദുരന്ത ബാധിതരെ ഒൻപതു കിലോമീറ്ററോളം ചുമന്നാണ് ദുരിതാശ്വാസ ക്യാമ്പിൽ എത്തിച്ചത്. വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആറ് ദുരിതാശ്വാസ ക്യാമ്പുകളും, വകുപ്പിന്റെ സഹകരണത്തോടെ 20 ക്യാമ്പുകളും പ്രവർത്തിച്ചുവരുന്നു. കാടിനുള്ളിലെ ഗതാഗത മാർഗ്ഗങ്ങൾ തടസ്സപ്പെട്ട മേഖലകളിൽ ഭക്ഷണസാധനങ്ങളും മറ്റ് അവശ്യസാധനങ്ങളും എത്തിക്കുന്നതിന് താൽക്കാലിക പാലങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് വാഹനങ്ങൾ വിട്ടുനൽകുകയും വനശ്രീ വിൽപ്പന കേന്ദ്രങ്ങളിൽ നിന്നും പ്രളയബാധിത പ്രദേശങ്ങളിൽ കുപ്പിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അമ്പൂരിയിലെ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ ശനിയാഴ്ച 600 ലിറ്റർ കുടിവെള്ളം എത്തിച്ചു. കോന്നി ഇക്കോടൂറിസം മേഖലയിൽ നിന്നുള്ള ഇരുപതോളം കുട്ടവഞ്ചികൾ റാന്നി, കോഴഞ്ചേരി മേഖലകളിൽ രക്ഷാപ്രവർത്തനത്തിന് ഉപയോഗിച്ചുവരുന്നു. വനം വകുപ്പിന്റെ അധീനതയിലുള്ള സ്പീഡ് ബോട്ടുകളും, മറ്റുരക്ഷാ ഉപകരണങ്ങളും ദുരന്തമേഖലകളിൽ ഉപയോഗിക്കുന്നു. ശെന്തുരുണിയിൽ നിന്നുള്ള രണ്ട് സ്പീഡ് ബോട്ടുകളെയും, ഡ്രൈവർ, നീന്തൽവിദഗ്ധർ ഉൾപ്പെടെയുള്ള 12 ജീവനക്കാരേയും ചെങ്ങന്നൂരിലെ രക്ഷാപ്രവർത്തനത്തങ്ങൾക്കായി നിയോഗിച്ചിട്ടുണ്ട്. വനമേഖലകളുള്ള ജില്ലകളിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് അതത് ജില്ലകളിലെ കളക്ടർമാരുടെ നെതൃത്വത്തിലുള്ള വനം വകുപ്പ് ഉദ്യോഗസ്ഥർ സജ്ജമാണ്.

വനവികസന ഏജൻസികൾ വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരുകോടിയോളം രൂപ നൽകും. കോന്നി, തെന്മല, തിരുവനന്തപുരം എഫ്.ഡി.എ. കൾ 20 ലക്ഷം രൂപ ഇന്നലെ നൽകി. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ സർക്കിൾ തലത്തിലും കൺട്രോൾ റൂമുകൾ പ്രവർത്തനക്ഷമമാണ്. വനം വകുപ്പ് ആസ്ഥാനത്തെ കൺട്രോൾ റൂമിലേയ്ക്ക് 9447979115, 0471- 2529365 എന്നീ നമ്പരുകളിൽ ബന്ധപ്പെടാം. (ടോൾഫ്രീ നമ്പർ - 1800-425-4733)

FIBPR-09/18

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ